64th Kerala School Kalolsavam, January 14 to 18, 2026, Thrissur

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 - തൃശ്ശൂർ

Item Code: 950 Participant Code: 090

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★
തിയ്യതി....................

വിഷയം : ഉദരത്തിലെ പക്ഷി·

## എരിഞ്ഞടങ്ങിയ ചിറകുകൾ

"അയ്യാ പസിക്കിത് അയ്യാ...... അമ്മാ പസിക്കിത് അമ്മാ..... രെണ്ട് ദിവസമാ ഒന്നുമേ സാപ്പിടാത് അമ്മാ"......

ചേതന തന്റെ അടഞ്ഞ കണ്ണുകൾ തുറന്നു. കേവലം ആറ് വയസ്സ് മാത്രം തോന്നിക്കുന്ന ഒരു പെൺകുട്ടിയായിരുന്നു അത്. എന്നാൽ അവളുടെ കണ്ണിലോ, ചുണ്ടിലോ ആറുവയസ്സുകാരിയുടെ മന്ദഹാസവും ചടുലതയും ഒന്നും ചേതനയ്ക്ക് കാണാൻ കഴിഞ്ഞിരുന്നില്ല. മറിച്ച് ഒരു യുഗത്തിന്റെ മുഴുവൻ വേദനയും മറ്റാരോടോ ഉള്ള ഭയവുമാണ് കാണാൻ കഴിഞ്ഞത്.

"എന്താ പേര്" ?

ചേതന കൈയിൽ ഒരു പത്ത് രൂപ നോട്ട് നീട്ടിക്കൊണ്ട് ചോദിച്ചു. മറിച്ചൊന്നും പറയാതെ തനിക്ക് നേരെ നീട്ടിയ നോട്ടുമായി വേഗം ആ പെൺകുട്ടി അടുത്ത ആളെ ഉന്നം വച്ച് നടന്നു.

"ആ പെൺകുട്ടിയെ ഞാൻ ഇതിനുമുമ്പ് കണ്ടിട്ടുണ്ട്"

64-ാം കേരള സ്കൂൾ കലോത്സവം തൃശ്ശൂർ പ്രോഗ്രാം കമ്മിറ്റി തിയ്യതി....................

"മണ്ടത്തരം പറയാതെ ചേതനാ, ആ കുട്ടിയെ ഇവിടെ ഈ ട്രെയിനിൽ വച്ചാണ് നമ്മൾ ആദ്യം കാണുന്നത്".

"ഇല്ല ശ്രീകാന്ത് ശ്രീനന്ദ്, ഞാൻ അവളെ ആദ്യം ആയിട്ടല്ല കാണുന്നത്"

"ചേതനേ, മോളെ നീ പറയുന്നത് ചിലപ്പോൾ ശരിയാകാം, കാരണം ആ കുട്ടിയെ എവിടെവച്ച് എങ്കിലും നീ കണ്ടിട്ടുണ്ടാകും. അവർ ഭിക്ഷ യാചിച്ച് ജീവിക്കുന്നവരാണ്".

"അങ്ങനെയല്ല. അവൾ, അവൾ എന്റെ മകളാണ്."

"ചേതനേ, നിനക്ക് എന്താ പ്രാന്ത് പിടിച്ചോ? വന്ന് വന്ന് പരിസരബോധമില്ലാതെ എന്തും പറയാം എന്നാണോ നീ വിചാരിക്കുന്നത്?"

ഒരു ചെറിയ മന്ദഹാസം ചേതനയുടെ മുഖത്ത് വിരിഞ്ഞു.

"ശ്രീ, അവൾ എന്നെപ്പോലെയാണ്. എന്നെപ്പോലെ അന്യനാൽ വഞ്ചിക്കപ്പെട്ടവളാകാം. ഈശ്വരന് അവളെ എന്റെ വയറ്റിൽ പൂവിടീക്കാമായിരുന്നു".

"ചേതനാ, കാൻ യു പ്ലീസ് സ്റ്റോപ്പ് ദിസ്. എന്റെ ക്ഷമയ്ക്ക് ഒരു പരിധിയുണ്ട്".

"ശ്രീ നിങ്ങളുടെ കഴുത്തിലെ ഞരമ്പുകൾ എടുത്ത് നിൽക്കുന്നു. നിങ്ങളുടെ കണ്ണിലെ കൃഷ്ണമണികൾ

അവയുടെ ചങ്ങല പൊട്ടിച്ച് പുറത്തേയ്ക്കു ചാടുവാൻ ശ്രമിക്കുന്നു. ശ്രീ നിനക്ക് അതിനെ സ്വതന്ത്രമാക്കി വിട്ടുകൂടെ..."

"ചേതനാ, നീ എന്റെ ക്ഷമയെ പരീക്ഷിക്കരുത്"

ചേതനയുടെ മുഖത്തെ മന്ദഹാസം കൂടുതലായി. അത് അവളെ മറ്റാരോ ആക്കുവാൻ തുടങ്ങി.

"ചേതനാ, നീ നിന്റെയീ ചിരി ഒന്ന് നിർത്തുന്നുണ്ടോ?"

"ശ്രീനന്ദ്, നിങ്ങൾ എന്റെ ഈ പ്രവൃത്തിക്കുള്ള പാരിതോഷികം തരും എന്ന് എനിക്കറിയാം. അത് ഏറ്റുവാങ്ങുവാൻ എന്റെ ശരീരം അമിതമായി തുടിക്കുന്നു".

"ഞാൻ ഇതിന് നിനക്ക് തരാൻ പോകുന്നത് നിനക്ക് ഒരിക്കലും മുൻകൂട്ടി ചിന്തിക്കാൻ പറ്റാത്തത് ആയിരിക്കും"

"ട്രെയിൻ ഇപ്പോൾ ആലുവ വിട്ടിരിക്കുന്നു. ഇനി അൽപ്പ സമയത്തിനുള്ളിൽ തന്നെ എറണാകുളം എത്തും. അവിടെ നിന്ന് ഏകദേശം അര, മണിക്കൂർ അത്രയും നേരം കൂടി ഞാൻ എന്റെ ശരീരത്തെ അടക്കി നിർത്തണം എന്ന് ആലോചിക്കുമ്പോൾ എന്റെ ക്യ ഹൃദയം രണ്ടായി നുറുങ്ങുന്ന വേദന അനുഭവിക്കുന്നു".

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★
തിരുത്തി.....................

ട്രെയിൻ എറണാകുളം സ്റ്റേഷനിൽ എത്തിച്ചേർന്നു. സ്റ്റേഷനിൽ നിന്ന് വീട്ടിൽ എത്തുന്നതുവരെ ചേതന അവളുടെ മന്ദഹാസം മുഖത്ത് നിലനിർത്തി. വീട്ടിൽ എത്തിയതും ഒരൽപം സമയം പോലും പാഴാക്കാതെ ശ്രീനന്ദ് തന്റെ സർവ്വ ശക്തിയുമെടുത്ത് ~~ചേട~~ ചേതനയിലേക്ക് പടരുവാൻ ആരംഭിച്ചു. എന്നാൽ അതേ സമയവും ചേതന അവളുടെ മന്ദഹാസം നിലനിർത്തി. ആ മന്ദഹാസം അവളെ മറ്റാരോ ആക്കി ~~മാറ്റിക്കഴി~~ മാറ്റിക്കഴിഞ്ഞു. ആ മന്ദഹാസം ശ്രീനന്ദിന്റെ പൗരുഷത്തെപ്പോലും ക്ഷയിപ്പിക്കുന്നതായിരുന്നു.

"ചേതന, ഞാൻ തോറ്റു, ഇനിയെങ്കിലും നിനക്ക് നിന്റെ ചിരിയൊന്ന് നിർത്തിക്കൂടെ, ഇത് എന്റെ പൗരുഷത്തെപ്പോലും ഇല്ലാതാക്കുന്നു".

ചേതന തന്റെ മന്ദഹാസം കൂടുതൽ ഉച്ചത്തിലാക്കി.

"ശ്രീനന്ദ്, നിങ്ങൾ ഒരിക്കലും എന്നെ സ്നേഹി-ച്ചിട്ടില്ല. നിങ്ങൾ സ്നേഹം അഭിനയിച്ചതാണ്".

"മോളേ, നീ എന്തിനാണ് എന്നോട് ഇങ്ങനെ-ഒക്കെ സംസാരിക്കുന്നത്? ഞാൻ ഇതെല്ലാം ചെയ്തത് നമുക്ക് വേണ്ടിത്തന്നെ അല്ലേ? ~~നിനക്ക~~ നിനക്ക്, നിനക്ക് വേണ്ടിത്തന്നെയല്ലേ"....?

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം തിയ്യതി.................... പ്രോഗ്രാം കമ്മിറ്റി

അൽപ്പ സമയത്തേക്ക് ചേതനയുടെ മന്ദഹാസം നിലച്ചു.

"നിങ്ങൾ ഒരിക്കലും എന്നോട് അത് ചെയ്യരുതായിരുന്നു. നിങ്ങൾ എന്റെ മനസ്സിനെ മുറിപ്പെടുത്തിയതു പോലെ, മറ്റാരും എന്നെ വേദനിപ്പിച്ചിട്ടില്ല".

"ചേതനാ....."

"നിങ്ങൾ ഒരിക്കലും എന്നെ സ്നേഹിച്ചിട്ടില്ല. നിങ്ങൾക്ക് ആവശ്യം ഒരു സ്ത്രീ ശരീരം മാത്രമായിരുന്നു. നിങ്ങളുടെ ശരീരത്തെ ശമിപ്പിക്കുവാൻ വേണ്ടി വെറും ഒരു സ്ത്രീ ശരീരത്തെ മാത്രം"

"അതെ. എനിക്ക് ആവശ്യം ഒരു ശരീരം മാത്രമാണ്. അതിനുവേണ്ടി തന്നെയാണ് നിന്നെ ഞാൻ തേടിപ്പിടിച്ച് വിവാഹം കഴിച്ചതും. തന്തയും തള്ളയും ഉപേക്ഷിച്ചെറിഞ്ഞ നിന്നെ ഒരാളും തിരക്കി വരില്ല എന്ന ഉറപ്പുള്ളതുകൊണ്ട് തന്നെയാണ്."

ചേതന വാക്കുകൾ മരവിച്ചു നിന്നുപോയി. അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ഊർന്നിറങ്ങി. അതിൽ അവനോടുള്ള സ്നേഹവും ദേഷ്യവും ഒരുമിച്ച് കലർന്നു.

"ഛീ... എങ്ങനെ, എങ്ങനെ ചെയ്യാൻ തോന്നി

64-ാമത് കേരള സ്കൂൾ കലോത്സവം
തിരുത്തി.........................
പ്രോഗ്രാം കമ്മിറ്റി

എന്നോട് ഇങ്ങനെ"?

ഒരുനേരത്തെ ശ്രമത്തിനൊടുവിൽ ചേതന
തനിക്ക് നഷ്ടപ്പെട്ട മന്ദഹാസം വീണ്ടെടുത്തു.
എന്നാൽ ഇത്തവണത്തെ മന്ദഹാസത്തിൽ അവളുടെ
പലവികാരങ്ങളെയും അവൾ ഒളിപ്പിച്ചു.

"ഉപേക്ഷിക്കപ്പെട്ടവളായതുകൊണ്ടാണോ നീ എന്നെ
നിന്റെ സുഹൃത്തിന് നൽകിയത് ?"

"അതെ ആ ധൈര്യത്തിൽ തന്നെയാണ്."

"എനിക്കതിൽ സന്തോഷം മാത്രമേ ഉള്ളൂ.
കാരണം നീ നിഷേധിച്ചത് എനിക്ക് തന്നെ
നൽകിയത് നിങ്ങളുടെ സുഹൃത്താണ്."

ശ്രീനന്ദിന്റെ മുഖം വിളറി വെളുത്തു.

"ശ്രീ, എനിക്ക് നിങ്ങളെ ഒരുപാട് ഇഷ്ടമാണ്.
ഞാൻ ഇപ്പോഴും നിങ്ങളെ സ്നേഹിക്കുന്നു.
എനിക്ക് ഈ ലോകത്ത് എന്റേതെന്ന് പറയുവാൻ
നീ മാത്രമേയുള്ളൂ." ശ്രീ ഞാൻ ചോദിക്കുന്നത്
നിനക്ക് ~~അതുവാൻ പറ്റു~~ തരാൻ പറ്റുമോ?

"എന്ത്?" ശ്രീനന്ദ് ചോദിച്ചു.

"ജീവൻ".

"എന്ത്"? ശ്രീനന്ദിന്റെ മുഖത്ത് സംശയങ്ങൾ
നിറഞ്ഞു.

Item Code: 950 Participant Code: 090

"ജീവൻ".

"എന്റെ വയറ്റിൽ ഒരു ജീവൻ പൂവിടിക്കുവാൻ നിനക്ക് പറ്റുമോ ശ്രീനന്ദ്?".

ശ്രീനന്ദ് ഞെട്ടി വിറച്ചുകൊണ്ട് അടുത്തിരുന്ന സോഫയിലേക്ക് വീണു.

"പറ്റില്ല അല്ലേ...."

ചേതന മന്ദഹാസം തന്റെ മുഖത്ത് മുറുക്കി-പ്പിടിച്ചിരുത്താൻ ശ്രമിച്ചു.

"പറ്റില്ല. കാരണം നിനക്ക് ഒരിക്കലും ഒരു കുഞ്ഞിനെ തരാൻ പറ്റില്ല. നീ നിന്റെ ആ കുറവിനെ മറയ്ക്കുവാൻ അല്ലേ നിന്റെ പൗരുഷത്തെ എന്നിലേക്ക് അടിച്ചേൽപ്പിച്ച് കൊണ്ടിരുന്നത്. പക്ഷേ നിനക്ക് തരാൻ സാധിക്കാത്തത് എനിക്ക് നിന്റെ സുഹൃത്ത് തന്നു. ~~എനിക്ക് നീ~~

ചേതന മറ്റൊരാളായി മാറിക്കഴിഞ്ഞു.

"എനിക്ക് നിന്റെ കുഞ്ഞിന്റെ അമ്മയാകണം എന്നാ-യിരുന്നു. എന്നാൽ നീ എന്നെ പങ്കുവച്ച അന്ന് മുതൽ എനിക്ക് അമ്മയാകണം എന്ന് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് ആരുടെ കുഞ്ഞ് എന്നത് എനിക്ക് ഒരു വിഷയമേ അല്ല. എന്നാൽ നീ"...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ചേതനയ്ക്ക് വാക്കുകൾ പൂർത്തിയാക്കാൻ സാധിച്ചില്ല.

" ശ്രീ,, ~~നിനക്ക്~~ എന്നെ ഒന്ന് ചേർത്ത് പിടിക്കാമോ?" ഒരു കുട്ടിയുടെ യാചനയോടെ ചേതന ചോദിച്ചു. മനസ്സില്ലാ മനസ്സോടെ ശ്രീനന്ദ് ചേതനയെ ചേർത്തു പിടിച്ചു.

"ശ്രീനന്ദ് ഞാൻ കഴിഞ്ഞ കുറച്ചു നാളുകളായി ഒരു സ്വപ്നം കാണുന്നു. ഞാൻ ഒരു പക്ഷിയായി മാറിയിരിക്കുന്നു. എന്നാൽ എന്റെ കൂടെ നിനക്ക് പകരം നിങ്ങളുടെ സുഹൃത്താണ് ഉണ്ടായിരുന്നത്. പിന്നെ കൂടെ ഒരു കുഞ്ഞും. പെട്ടെന്ന് എന്റെ കുഞ്ഞിന്റെ ചിറകുകൾ കത്തി കരിഞ്ഞു. നിങ്ങളുടെ സുഹൃത്തും കാണാതാകുന്നു. എന്റെ മുന്നിൽ വച്ച് എന്റെ കുഞ്ഞ് കരിഞ്ഞ് ചാരമായി മാറി. എന്റെ കുഞ്ഞിനെ കരിച്ച് ഇല്ലാതാക്കിയത് നിങ്ങളായിരുന്നു ശ്രീനന്ദ്. എന്നിട്ട് നിങ്ങൾ എന്റെ ചിറകുകൾ അരിഞ്ഞു കളഞ്ഞു."

ശ്രീനന്ദ് ഒന്നും പറയാൻ ആകാതെ നിന്നു. കുറച്ച് സമയം ആ വീട് നിശബ്ദമായി. പെട്ടെന്ന് ആ നിശബ്ദതയെ ഇല്ലാതാക്കി ഒരു നിലവിളി

കേരള സ്കൂൾ കലോത്സവം തിരുത്തി........ പ്രോഗ്രാം കമ്മിറ്റി

ഉയർന്ന ചേതന ശ്രീനന്ദിന്റെ ഹൃദയത്തിലേക്ക് ആഞ്ഞു കുത്തി. ശ്രീനന്ദ് വേദനകൊണ്ട് താഴെ കിടന്ന് പുളഞ്ഞു. താഴെ കിടന്ന ശ്രീനന്ദിന്റെ അരികിലേക്ക് ചേതന കിടന്നു.

"ശ്രീ ഞാൻ ഈ ഭൂമിയിൽ ഏറ്റവും കൂടുതൽ സ്നേഹിച്ചത് നിങ്ങളെയാണ്. എന്നാൽ നിന്നെപ്പോലെ ഒരാളും ഒന്നും എനിക്ക് നേടിയില്ല. എന്റെ കുഞ്ഞിനെ എങ്കിലും നിനക്ക് ഓർമ്മയായിരുന്നു. അതിനെ ഓർത്തെങ്കിലും ഈ ലോകത്ത് നിന്ന് പറഞ്ഞു വിടരുതായിരുന്നു"

ചേതനയുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകി. എന്നാൽ ഇന്നവൾ അതിൽ ഒരു അമ്മയുടെ വാത്സല്യവും ലോകത്തോടുള്ള പകയും നിറഞ്ഞു കലർന്ന ആ വലിയ വീട്ടിൽ ശ്രീനന്ദിന്റെ മൃതശരീരത്തിനരികിൽ അവൾ ഒറ്റയ്ക്കിരുന്നു. എരിഞ്ഞടങ്ങിയ പകയുമായി. ആ വീട്ടിൽ ഒറ്റയ്ക്ക് ഒരു മരത്തിലെ പക്ഷിയെ പോലെ. തന്റെ പക പൂർത്തിയാക്കി ~~പക~~ അവശേഷിക്കുന്ന ചിറകുമായി അവൾ ക ~~പക~~ പറക്കുവാൻ കൊതിച്ചു. ഒരു മരത്തിൽ നിന്നും കൂട്ടത്തിലേക്ക് കൂടി ചേരുവാൻ.